**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2700** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ-വേ ബിൽ പരിശോധന കാര്യക്ഷമമല്ല എന്നതും പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്ഥാപിച്ച എ.എൻ.പി.ആർ. (ആട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റക്കഗ്നിഷൻ) ക്യാമറകളിൽ നിരവധി എണ്ണം പ്രവർത്തനക്ഷമമല്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | വകുപ്പിന്റെ പുന:സംഘടനയുമായി ബന്ധപ്പെട്ട് വരുത്തിയിട്ടുള്ള മാറ്റങ്ങളുടെ ഭാഗമായി വാഹനങ്ങളെ തടഞ്ഞുനിറുത്തി ഇ-വേ ബിൽ പരിശോധിക്കുന്ന രീതിയോടൊപ്പം തന്നെ വ്യാജ രജിസ്ട്രേഷൻ നേടിക്കൊണ്ട് വ്യാജ ഇൻവോയ്സ് സൃഷ്ടിച്ച് ഇ-വേ ബിൽ എടുത്ത് വ്യാജ ഇൻപുട്ട് ടാക്സ് നേടി വെട്ടിപ്പ് നടത്തുന്നവരെയും മറ്റ് വെട്ടിപ്പുകൾ നടത്തുന്നവരെയും കണ്ടെത്തുന്നതിന് ഇ-വേ ബിൽ പോർട്ടലിലെ ഡാറ്റാ സ്രോതസ്സ് വഴി ലഭ്യമാകുന്ന റിപ്പോർട്ടുകളെ ആശ്രയിക്കുന്ന രീതിയും അവലംബിച്ചു പോരുന്നു. മേൽ വിവരിച്ച റിപ്പോർട്ടുകളെ വിശകലനം നടത്തി അവയെ സംബന്ധിച്ചുള്ള അന്വേഷണങ്ങളിലൂടെ ഇത്തരത്തിലുള്ള വെട്ടിപ്പ് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന പ്രക്രിയ ഇന്റലിജൻസ് / എൻഫോഴ്സ്മെന്റ് ആസ്ഥാനം വഴി നടത്തി ഇന്റലിജൻസ്/എൻഫോഴ്സ്മെന്റ് വിഭാഗങ്ങളെക്കൊണ്ട് നടപടി എടുപ്പിക്കുന്ന തരത്തിലുള്ള കേന്ദ്രീകൃത പ്രവർത്തനങ്ങളിലൂടെ പ്രത്യക്ഷമായി നികുതി / പെനാൽറ്റി എന്നിവ വഴി സർക്കാരിന് വരുമാനം ലഭിക്കുകയും പരോക്ഷമായി സർക്കാരിന് ലഭിക്കേണ്ടതായ നികുതിയിൽ വൻതോതിൽ ഉണ്ടാകാവുന്ന നഷ്ടം ഒഴിവാക്കപ്പെടുകയും ചെയ്യുന്നു.കേരളത്തിലെ 22 പോയിന്റുകളിലായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ക്യാമറകളിൽ എല്ലാം തന്നെ നിലവിൽ പ്രവർത്തക്ഷമമാണ്. |
| (ബി) | ഈ-വേ ബിൽ പരിശോധന കാര്യക്ഷമമല്ലാത്തതിനാൽ നികുതി വരുമാനത്തിൽ ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ; ഇത് തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (ബി) | വകുപ്പിന്റെ പുന:സംഘടനയുമായി ബന്ധപ്പെട്ട് വരുത്തിയിട്ടുള്ള മാറ്റങ്ങളുടെ ഭാഗമായി വാഹനങ്ങളെ തടഞ്ഞുനിറുത്തി ഇ-വേ ബിൽ പരിശോധിക്കുന്ന രീതിയോടൊപ്പം തന്നെ വ്യാജ രജിസ്ട്രേഷൻ നേടിക്കൊണ്ട് വ്യാജ ഇൻവോയ്സ് സൃഷ്ടിച്ച് ഇ-വേ ബിൽ എടുത്ത് വ്യാജ ഇൻപുട്ട് ടാക്സ് നേടി വെട്ടിപ്പ് നടത്തുന്നവരെയും മറ്റ് വെട്ടിപ്പുകൾ നടത്തുന്നവരെയും |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിന് ഇ-വേ ബിൽ പോർട്ടലിലെ ഡാറ്റാ സ്രോതസ്സ് വഴി ലഭ്യമാകുന്ന റിപ്പോർട്ടുകളെ ആശ്രയിക്കുന്ന രീതിയും അവലംബിച്ചു പോരുന്നു. മേൽ വിവരിച്ച റിപ്പോർട്ടുകളെ വിശകലനം നടത്തി അവയെ സംബന്ധിച്ചുള്ള അന്വേഷണങ്ങളിലൂടെ ഇത്തരത്തിലുള്ള വെട്ടിപ്പ് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന പ്രക്രിയ ഇന്റലിജൻസ് / എൻഫോഴ്സ്മെന്റ് ആസ്ഥാനം വഴി നടത്തി ഇന്റലിജൻസ്/എൻഫോഴ്സ്മെന്റ് വിഭാഗങ്ങളെക്കൊണ്ട് നടപടി എടുപ്പിക്കുന്ന തരത്തിലുള്ള കേന്ദ്രീകൃത പ്രവർത്തനങ്ങളിലൂടെ പ്രത്യക്ഷമായി നികുതി / പെനാൽറ്റി എന്നിവ വഴി സർക്കാരിന് വരുമാനം ലഭിക്കുകയും പരോക്ഷമായി സർക്കാരിന് ലഭിക്കേണ്ടതായ നികുതിയിൽ വൻതോതിൽ ഉണ്ടാകാവുന്ന നഷ്ടം ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. കേരളത്തിലെ 22 പോയിന്റുകളിലായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ക്യാമറകളിൽ എല്ലാം തന്നെ നിലവിൽ പ്രവർത്തക്ഷമമാണ്. |

സെക്ഷൻ ഓഫീസർ